**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 283** **23-01-2025 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; 2025 ജനുവരി മുതൽ ഇത് പ്രാബല്യത്തിൽ വന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സപ്ലൈകോയിൽ വിൽപ്പന നടത്തിവരുന്ന അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില്പന വില വാങ്ങൽ വിലയുടെയും പൊതു വിപണി വിലയുടെയും അടിസ്ഥാനത്തിൽ പരിഷ്കരിക്കാറുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സപ്ലൈകോയുടെ വിൽപ്പനശാലകൾ വഴി ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ, മട്ട അരി, ജയ അരി, കുറുവ അരി, പച്ചരി എന്നീ 13 ഇനം അവശ്യ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നുണ്ട്. ഇത്തരത്തിൽ വിൽപ്പന നടത്തുന്ന ഈ 13 ഇനം അവശ്യ സാധനങ്ങളുടെ സബ്സിഡി നിരക്കിലുള്ള വിൽപ്പന വില 2016 മുതൽ ദീർഘകാലം വർദ്ധിപ്പിച്ചിരുന്നില്ല. വിവിധ കാരണങ്ങളാൽ സപ്ലൈകോ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്ന പശ്ചാത്തലത്തിൽ സപ്ലൈകോയുടെ പരിഷ്കരണത്തിനായി സർക്കാർ ഒരു വിദഗ്ദ്ധസമിതിയെ നിയോഗിക്കുകയുണ്ടായി. ടി സമിതിയുടെ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 16/02/2024 തീയതിയിലെ സ.ഉ.(കൈ) നം. 3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് 13 ഇനം സബ്സിഡി സാധനങ്ങളുടെ സബ്സിഡി വിൽപ്പന വില 21/02/2024 മുതൽ പരിഷ്കരിച്ചിട്ടുണ്ട്. സബ്സിഡി വിലകൾ പൊതു വിപണി വിലകളുമായി വിശകലനം ചെയ്ത് സർക്കാർ അനുമതിയോടെ പുതുക്കി നിശ്ചയിക്കുവാൻ ടി സർക്കാർ ഉത്തരവ് പ്രകാരം സപ്ലൈകോയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം സപ്ലൈകോ സമർപ്പിച്ച പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിവരുന്ന സാധനങ്ങളുടെ വിൽപ്പന വില കാലാനുസൃതമായി |

| | | | |
|---|---|---|---|
| | | | പരിഷ്കരിക്കുന്നതിന് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ച് പരിഷ്കരിക്കുന്നുണ്ട്. 2024 ൽ ആകെ 6 തവണ സബ്സിഡി വിൽപ്പന പരിഷ്കരണങ്ങൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സപ്ലൈകോയിലെ ശബരി ഉൽപ്പന്നങ്ങളുടെ വിലവർധനവ് വിശദീകരിക്കാമോ; വെളിച്ചെണ്ണ ഉൾപ്പടെയുള്ള സാധനങ്ങൾക്ക് മാർക്കറ്റ് വില ഈടാക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | ശബരി ബ്രാൻഡിൽ വെളിച്ചെണ്ണ, കറി പൗഡർ, മസാല പൗഡർ, സീഡ്സ്, കായം, ആട്ട, റൈസ് പ്രോഡക്ടസ് മുതലായവ ലഭ്യമാക്കുന്നുണ്ട്. ഉൽപ്പന്നങ്ങളുടെ പർച്ചേയ്സ് വിലയിലെ മാറ്റത്തിനനുസരിച്ചും പൊതുവിപണിയിലെ വിൽപനവില പരിഗണിച്ചും ആണ് ശബരി ഉൽപ്പന്നങ്ങളുടെയും വിൽപന വില പുനർനിശ്ചയിക്കുന്നത്.<br><br>കൊപ്രയുടെ വാങ്ങൽ വിലയുടെയും പ്രൊസസിങ് ചാർജിന്റെയും അടിസ്ഥാനത്തിലും പൊതുവിപണിയിലെ വിൽപന വില പരിഗണിച്ചും ശബരി വെളിച്ചെണ്ണയുടെ വില മാസം തോറും പുനർനിശ്ചയിക്കുന്നുണ്ട്. മുൻ മാസങ്ങളെ അപേക്ഷിച്ച് കൊപ്ര വിലയിൽ ഉണ്ടായ ക്രമാതീതമായ വിലവർദ്ധനവ് ശബരി വെളിച്ചെണ്ണയുടെ വില വർദ്ധനവിന് കാരണം ആയിട്ടുണ്ട്. ശബരി അഗ്മാർക്ക് ഗുണനിലവാരമുള്ള വെളിച്ചെണ്ണയാണ് സപ്ലൈ ചെയ്യുന്നത് പൊതുവിപണിയിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് വിതരണം ചെയ്യുന്നത്. |
| (സി) | സപ്ലൈകോയിലെ അരിയുടെ വിലവർദ്ധനവ് വിശദീകരിക്കാമോ; | (സി) | (എ) പിരിവിൽ കാണാവുന്നതാണ്. |
| (ഡി) | ശബരി ഉൽപ്പന്നങ്ങളുടെ വില കൂടിയതിനാൽ റേഷൻ കടകളോടു ചേർന്ന് പ്രവർത്തിക്കുന്ന കെ സ്റ്റോറുകളിലെ സാധനങ്ങളുടെ വിലയും കൂടും എന്നതിന് പരിഹാരം കണ്ടെത്തുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | കെ സ്റ്റോറിൽ വിൽക്കുന്ന ഉത്പന്നങ്ങൾ സപ്ലൈകോയിൽ നിന്നും ലഭ്യമാക്കുന്നതാണ്. സപ്ലൈകോ ലഭ്യമാക്കുന്ന വിലയ്ക്ക് മാത്രമേ ടി ഉത്പ്പന്നങ്ങൾ കെ- സ്റ്റോർ വഴി വിൽക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) | വിലക്കയറ്റം നിയന്ത്രിക്കേണ്ട സ്ഥാപനം വില കൂട്ടിയാൽ ഉപഭോക്താക്കൾ വരാത്ത സ്ഥിതി ഉണ്ടാകുമെന്ന ആശങ്കയ്ക്ക് എന്ത് നടപടി സപ്ലൈകോ സ്വീകരിക്കും എന്നറിയിക്കാമോ? | (ഇ) | പൊതു വിപണിയിൽ കാര്യക്ഷമമായി ഇടപെട്ട് വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുക എന്നതാണ് സപ്ലൈകോയുടെ സ്ഥാപിത ലക്ഷ്യം. ആയതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശപ്രകാരം അരി, പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ, മല്ലി, മുളക് തുടങ്ങിയ 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ (പൊതു വിപണിയേക്കാൾ 25 മുതൽ 35 ശതമാനം വിലക്കുറവിൽ) എല്ലാ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും നിയന്ത്രിത അളവിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നു. കൂടാതെ പൊതു വിപണിയേക്കാൾ |

| | | | |
|---|---|---|---|
| | | | ന്യായമായ നിരക്കിൽ അവശ്യ സാധനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് എഫ്.എം.സി.ജി. പ്രമുഖ ബ്രാൻഡഡ് ഉൽപ്പന്നങ്ങളും 5% മുതൽ 30% വരെ വിലക്കുറവിൽ സപ്ലൈകോ വഴി പൊതുജനങ്ങൾക്ക് യഥേഷ്ടം വിൽപ്പന നടത്തി വരുന്നു. ഇതിനു പുറമേ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾ 15 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. ഇത്തരത്തിൽ വിപണിയിടപെടൽ പദ്ധതി സപ്ലൈകോ കാര്യക്ഷമമായി നടപ്പാക്കിവരുന്നു. കൂടാതെ, നെല്ലുസംഭരണം, സ്കൂൾ ഉച്ച ഭക്ഷണ പദ്ധതികൾക്കുള്ള ഭക്ഷ്യ സാധനങ്ങളുടെ വിതരണം, റേഷൻ വിതരണത്തിനുള്ള ഭക്ഷ്യ സാധനങ്ങളുടെ സംഭരണം, വിതരണം എന്നീ പ്രവർത്തനങ്ങളും സപ്ലൈകോ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.<br><br>വാങ്ങൽ വില ക്രമാതീതമായി വർദ്ധിക്കുമ്പോൾ അനിവാര്യമായ ഘട്ടങ്ങളിൽ മാത്രമാണ് സപ്ലൈകോ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നത്. വിപണി ഇടപെടൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പൊതുവിപണിയേക്കാൾ ന്യായമായ വിലക്കുറവിൽ എല്ലാ ജനങ്ങൾക്കും അവശ്യ സാധനങ്ങൾ ലഭ്യമാക്കി പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുക എന്നതാണ്. ഇത്തരത്തിൽ 25% മുതൽ 35% വരെ വിലക്കുറവിൽ വിപണി ഇടപെടൽ നടത്തുമ്പോൾ സപ്ലൈകോയുടെ വിൽപ്പന വിലയും കാലാനുസൃതമായി മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. വാങ്ങൽ വിലയും പൊതു വിപണിയിൽ വിലയും കൂടുമ്പോൾ ആനുപാതികമായി വർദ്ധനവ് വരുത്തുകയും വില കുറയുമ്പോൾ അനുപാതികമായി വില കുറയ്ക്കുകയും ചെയ്യുന്ന സമീപനമാണ് സപ്ലൈകോ സ്വീകരിച്ചു വരുന്നത്. സപ്ലൈകോയുടെ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ വലിയ വിലക്കുറവിൽ ചുരുക്കം ആളുകൾക്ക് സബ്സിഡി നൽകുന്നതിന് പകരം ന്യായമായ വിലക്കുറവിൽ കൂടുതൽ ജനങ്ങൾക്ക് സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും അതുവഴി വിപണി ഇടപ്പെടൽ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനും ഇതുമൂലം സാധിക്കുന്നു . |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | | സ.ഉ. (കൈ)നം. 3/2024/ F&CS, തീയതി 16-02-24 പ്രകാരം | സ.ഉ. (സാധാ)നം. 129/2024/ F&CS, തീയതി 29-05-24 പ്രകാരം | സ.ഉ. (സാധാ)നം. 282/2024/ F&CS, തീയതി 31-08-24 പ്രകാരം | സ.ഉ. (സാധാ)നം. 287/2024/ F&CS, തീയതി 04-09-24 പ്രകാരം | സ.ഉ. (സാധാ)നം. 290/2024/ F&CS, തീയതി 05-09-24 പ്രകാരം | സ.ഉ. (സാധാ)നം. 382/2024/ F&CS, തീയതി 29-11-24 പ്രകാരം |
|---|---|---|---|---|---|---|---|
| ഇനം | പരിഷ്കരണത്തിന് മുൻപ് ഉണ്ടായിരുന്ന സബ്സിഡി വില | 21-02-24 മുതൽ പുതുക്കിയ സബ്സിഡി വില | 01-06-24 മുതൽ പുതുക്കിയ സബ്സിഡി വില | 04-09-24 മുതൽ പുതുക്കിയ സബ്സിഡി വില | 05-09-24 മുതൽ പുതുക്കിയ സബ്സിഡി വില | 06-09-24 മുതൽ പുതുക്കിയ സബ്സിഡി വില | 01-12-24 മുതൽ പുതുക്കിയ സബ്സിഡി വില |
| ചെറുപയർ (1 കി.ഗ്രാം) | 74 | 92 | 92 | 92 | 90 | 90 | 90 |
| ഉഴുന്ന് ബോൾ (1 കി.ഗ്രാം) | 66 | 95 | 95 | 95 | 95 | 95 | 95 |
| വൻകടല (1 കി.ഗ്രാം) | 43 | 69 | 69 | 69 | 69 | 69 | 69 |
| വൻപയർ (1 കി.ഗ്രാം) | 45 | 75 | 75 | 75 | 75 | 75 | 79 |
| തുവരപരിപ്പ് (1 കി.ഗ്രാം) | 65 | 111 | 111 | 111 | 115 | 115 | 115 |
| മുളക് (500 ഗ്രാം) | 75 | 82 | 75 | 75 | 75 | 73 | 73 |
| മല്ലി (500 ഗ്രാം) | 79 | 39 | 39 | 39 | 39 | 39 | 39 |
| പഞ്ചസാര (1 കി.ഗ്രാം) | 22 | 27 | 27 | 33 | 33 | 33 | 33 |
| പച്ചരി (1 കി.ഗ്രാം) | 23 | 26 | 26 | 26 | 26 | 26 | 29 |
| കുറുവ അരി | 25 | 30 | 30 | 30 | 33 | 33 | 33 |

| | | | | | | | |
|---|---|---|---|---|---|---|---|
| (1 കി.ഗ്രാം) | | | | | | | |
| മട്ട അരി (1 കി.ഗ്രാം) | 24 | 30 | 30 | 33 | 33 | 33 | 33 |
| ജയ അരി (1 കി.ഗ്രാം) | 25 | 29 | 29 | 29 | 29 | 29 | 33 |
| വെളിച്ചെണ്ണ (അര ലിറ്റർ) | 46 | 55 | 55 | 55 | 55 | 55 | 65 |